**2018 ജനുവരി 16-ാം തീയതി 02.30 p.m ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ അവർകളുടെ ചേമ്പറിൽ നടന്ന ഒന്നാമത് കില ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്.**

ഹാജർ:

1. ഡോ. കെ.ടി. ജലീൽ
   ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി : പ്രസിഡ്
2. ശ്രീ. ടി.കെ. ജോസ് IAS
   അഡീഷണൽ ചീഫ് സെക്രട്ടറി,കേരള സർക്കാർ : കൺവീനർ
3. ശ്രീ. കെ. രാമചന്ദ്രൻ
   കമ്മീഷണർ, ഗ്രാമവികസന വകുപ്പ് : മെമ്പർ
4. ശ്രീ. അനിൽകുമാർ എസ്
   ജോയിന്റ് സെക്രട്ടറി : മെമ്പർ
   ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി
5. ശ്രീ. വി.വി. രമേശൻ
   ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ : മെമ്പർ
6. ശ്രീ. ആർ. സുഭാഷ്
   പ്രസിഡ് : മെമ്പർ
   കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
7. ശ്രീ. ബൽരാജ് ബി.കെ
   ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് : മെമ്പർ
   അർബൻ അഫയേഴ്സ് ഡയറക്ടറുടെ പ്രതിനിധി
8. ശ്രീമതി. പ്രസന്നകുമാരി എം സി : മെമ്പർ
   പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ്
   സെക്രട്ടറിയുടെ പ്രതിനിധി
9. ശ്രീ. ഹിൽക്ക് രാജ് ആർ.എ
   പഞ്ചായത്ത് ഡയറക്ടറുടെ പ്രതിനിധി : മെമ്പർ
10. ഡോ. ജോയ് ഇളമൺ ഡയറക്ടർ, കില : മെമ്പർ

**ഐറ്റം നമ്പർ : 1**

**27.03.2017 -ലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

27.03.2017-ൽ ചേർന്ന ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-I) (പേജ്നം:14-20)

**തീരുമാനം:**

*മിനിട്സ് അംഗീകരിച്ചു.*

**ഐറ്റം നമ്പർ : 2**

**27.03.2017 -ലെ ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്**

27.03.2017-ൽ ചേർന്ന ജനറൽ കൗൺസിൽ യോഗതീരുമാന നടപടികൾ (അനുബന്ധം-2)(പേജ്നം:21-24) അറിവിലേക്കായി സമർപ്പിക്കുന്നു.

**തീരുമാനം:**

*യോഗ തീരുമാനങ്ങളിൽ എടുത്ത നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തി.*

*അഹാഡ്സ് -സിസിപിആർഎം സൊസൈറ്റിയുടെ ആസ്തി ബാധ്യത റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ **27/03/2017** ലെ ജനറൽ കൗൺസിൽ യോഗത്തിൽ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. കില ഡയറക്ടർക്ക് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് വേ നടപടികൾ എടുക്കണമെന്ന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർക്ക് നേരിട്ട് നിർദ്ദേശം നൽകി.*

**ഐറ്റം നമ്പർ : 3**

**ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്:**

കിലയുടെ മെമ്മൊറാം ഓഫ് അസോസിയേഷനിലെ ഐറ്റം നമ്പർ 17 ൽ 1 (ii) പ്രകാരം കിലയിലെ ഓഡിറ്ററെ നിയമിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനുമുള്ള അധികാരം ഗവേർണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

- കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് വേ 2015 മാർച്ച് മാസത്തിൽ ഓഡിറ്റേഴ്സ് പാനൽ ശേഖരിക്കുകയും 16.03.2015 ലും 15.01.2016 ലും 27.03.2017 ലും ചേർന്ന ജനറൽ കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷത്തിലെ കണക്കുകൾ 50,000/- രൂപ ഓഡിറ്റ് ഫീ നിരക്കിൽ **M/s. Abraham & Jose, Charterd Accountants, Thrissur** എന്ന സ്ഥാപനം ഓഡിറ്റ് നടത്തുകയുായി. **M/s. Abraham & Jose, Charterd Accountants, Thrissur** എന്ന ഓഡിറ്റ് സ്ഥാപനം തുടർച്ചയായി മൂന്നുവർഷം ഓഡിറ്റ് നടത്തിയിട്ടു്. ആയതിനാൽ പുതിയ ഓഡിറ്ററെ നിയമിക്കേത് അഭികാമ്യമായിരിക്കും.
- 2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റേഴ്സ് പാനൽ 2017 ആഗസ്ത് മാസത്തിൽ ശേഖരിച്ചത് അനുബന്ധമായി ചേർത്തിട്ടു്. (അനുബന്ധം-3)(പേജ്നം:**25-26**)
  - 2017-18 സാമ്പത്തിക വർഷത്തിൽ കിലയുടേയും കില-സിഎച്ച്ആർഡി. യുടേയും കണക്കുകൾ പ്രത്യേകമായും സംയോജിപ്പിച്ചും വാർഷിക കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി ഓഡിറ്റ് ഫീസ് തീരുമാനിച്ചുക്കൊ് ഓഡിറ്റേഴ്സ് പാനലിൽ നിന്ന് ഒരു ഓഡിറ്ററെ നിയമിക്കുന്നതിനും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:**

*2017-18 സാമ്പത്തിക വർഷത്തിൽ കിലയുടെയും കില-സിഎച്ച്ആർഡിയുടെയും കണക്കുകൾ പ്രത്യേകമായും സംയോജിപ്പുകൊും വാർഷിക കണക്കുകൾ ഓഡിറ്റ് നടത്തു*

*കയും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റേഴ്സ് പാനലിൽ നിന്നും കൂടുതൽ പരിചയ സമ്പത്തുള്ള M/s. SKV Associates, Chartered Accountant, S16, Alukaks Castle, Civil Lane Road, Ayyanthole, Thrissur എന്ന സ്ഥാപനത്തെചുമതലപ്പെടുത്താൻ തീരുമാനിച്ചു. ഓഡിറ്റ് ഫീ 75,000/- രൂപയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു.*

<u>ഐറ്റം നമ്പർ : **4**</u>
<u>ഓഡിറ്റ് റിപ്പോർട്ട് **2016-17**</u>

കിലയെ അന്തർദേശീയ തലത്തിൽ മികവിന്റെ കേന്ദ്രം ആക്കി മാറ്റുന്നതിന്റെ ഭാഗമായി 5 പരിശീലന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ കിലയിൽ ലയിപ്പിച്ച് പുനഃർനാമകരണം ചെയ്തു. ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | സർക്കാർ ഉത്തരവ് നമ്പറും തീയതിയും | വിഷയം |
|---|---|---|
| 1 | സ.ഉ (കൈ) നം. 184/2016/തസ്വഭവ തീയതി 29.11.2016 | എസ്ഐആർഡി- കില സംയോജനം |
| 2 | സ.ഉ (സാധ) നം. 3525/2016/തസ്വഭവ തീയതി 27.12.2016 | എസ്ഐആർഡിയുടെ പുനഃർനാമകരണം |
| 3 | സ.ഉ (സാധ) നം. 347/2017/തസ്വഭവ തീയതി 07.02.2017 | അഹാഡ്സ്-സിസിപിആർ ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനും കമ്മിറ്റി രൂപീകരണം |
| 4 | സ.ഉ (കൈ) നം. 34/2017/തസ്വഭവ തീയതി 13.02.2017 | മൂന്ന് ഇ.റ്റി.സി (ETC) കളുടെ പുനഃർനാമകരണം |
| 5 | സ.ഉ (കൈ) നം. 57/2017/തസ്വഭവ തീയതി 16.03.2017 | അഹാഡ്സ്-സിസിപിആർഎം നെ ഡിസോൾവ് ചെയ്ത് ഉപാധികൾ ഇല്ലാതെ കിലയിൽ ലയിപ്പിച്ച് കൊള്ള ഉത്തരവ് |
| 6 | സ.ഉ (കൈ) നം. 103/2017/തസ്വഭവ തീയതി 24.05.2017 | കില - എസ്ഐആർഡി സ്കീം ഓഫ് ഇന്റഗ്രേഷൻ |

1) **2016-17 സാമ്പത്തിക വർഷത്തിലെ കിലയുടെയും എസ്ഐആർഡി.(കില-സിഎച്ച്ആർഡി)യുടേയും കൺസോളിഡേറ്റഡ് ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ്**

2016-17 സാമ്പത്തിക വർഷത്തിലെ കിലയുടേയും എസ്ഐആർഡി. (കില-സിഎച്ച്ആർഡി) കൊട്ടാരക്കരയുടേയും കണക്കുകൾ സംയോജിപ്പിച്ചുക്കൊള്ള കൺസോളിഡേറ്റഡ് ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ് **M/s. Abraham & Jose, Thrissur** എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ട് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് അക്കൗ, ബാലൻസ് ഷീറ്റ് എന്നിവയും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിച്ചിട്ടു. ആയത് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-**4**)(പേജ് നം: **27-45** )
**സംയോജിത വരവ് ചെലവ് കണക്കുകളുടെ രത്നച്ചുരുക്കം താഴെകൊടുക്കുന്നു.**

| Sl No | Particulars | Current year 2016-17 (Rs. in lakhs) |
|---|---|---|
| **INCOME:** | | |
| 1 | Income from training programme | 336.17 |

| | | |
|---|---|---|
| 2 | Grant from State Govt -Non-plan | 250.55 |
| 3 | Other Income (Misc. Inc. /Int. on Bank A/cs, Quarters Rent,etc.) | 86.52 |
| | **TOTAL** | **673.24** |
| **EXPENDITURE:** | | |
| 1 | Administrative Expenses | 501.96 |
| 2 | Office Expense | 29.12 |
| 3 | Training Expenses | 41.02 |
| 4 | Bank Charges | 0.12 |
| 5 | Building Tax and Water Charges | 0.07 |
| 6 | Membership Fee and Memento | 0.23 |
| 7 | News Paper & Periodicals | 1.70 |
| 8 | Repairs & Maintenance | 48.8 |
| 9 | Depreciation | 93.26 |
| | **TOTAL** | **716.28** |
| | **Excess of (Expenditure) / Over Income** | **(43.04)** |

തീരുമാനം:

***2016-17 സാമ്പത്തിക വർഷത്തിലെ കിലയുടെയും എസ്ഐആർഡി. (കില-സിഎച്ച് ആർഡി)യുടേയും കൺസോളിഡേറ്റഡ് ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ് അംഗീക രിച്ചു***

**2) 2016-17 സാമ്പത്തിക വർഷത്തിലെ കിലയുടെ വാർഷിക കണക്കുകൾ**

2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകൾ **M/s. Abraham & Jose, Thrissur** എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ട്സ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിക്കു കയും ആയത് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുന്നതിലേക്കായി ധനകാര്യവകുപ്പി ലേക്ക് കത്ത് നമ്പർ KILA/2016/101/1445 തീയതി 2017 ആഗസ്ത് മാസം 8 ന് തപാൽ മാർഗ്ഗം അയച്ചിട്ടുള്ളതുമാണ്. 2017 ആഗസ്റ്റ് 29 -ാം തീയ്യതി ചേർന്ന എക്സി ക്യൂട്ടീവ് കൗൺസിലിന്റെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാ രത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-**5**)(പേജ് നം: **46- 49** )

കിലയുടെ വരവ് ചെലവ് കണക്കുകളുടെ രത്നചുരുക്കം

| Sl No | Particulars | % Increase / (Decrease) compared to P.Y | Current year 2016-17 (Rs. in lakhs) | Previous year 2015-16 (Rs. in lakhs) |
|---|---|---|---|---|
| INCOME: | | | | |
| 1 | Income from training programme | 17% | 321.64 | 275.11 |
| 2 | Grant from State Govt -Non-plan | 15% | 35.89 | 31.21 |
| 3 | Other Income (Misc. Inc. /Int. on Bank A/cs, Quarters Rent,etc.) | 24% | 79.97 | 64.56 |

| | | | | |
|---|---|---|---|---|
| | **TOTAL** | **18%** | **437.5** | **370.88** |
| **EXPENDITURE:** | | | | |
| 1 | Administrative Expenses | (24%) | 317.30 | 419.89 |
| 2 | Office Expense | (6%) | 29.11 | 31.02 |
| 3 | Training Expenses | 98% | 24.34 | 12.30 |
| 4 | Bank Charges | 200% | 0.12 | 0.04 |
| 5 | Building Tax and Water Charges | (86%) | 0.07 | 0.50 |
| 6 | Coolie Charges | (100%) | 0 | 6.76 |
| 7 | Membership Fee and Memento | (50%) | 0.23 | 0.46 |
| 8 | News Paper & Periodicals | 12% | 1.70 | 1.52 |
| 9 | Repairs & Maintenance | 103% | 34.13 | 16.80 |
| 10 | Depreciation | 7% | 71.97 | 67.45 |
| | **TOTAL** | **(14%)** | **478.97** | **556.74** |
| | **Excess of (Expenditure) / Over Income** | | **(41.47)** | **(185.86)** |

ചെലവ് ഇനങ്ങളുടെ വിശദീകരണക്കുറിപ്പ്

- Administrative Expenses : 2015-16 ൽ (UGC Pay Revision (2006)) കിലയിലെ അക്കാദമിക് വിഭാഗം ജീവനക്കാർക്ക് arrear അനുവദിച്ച് നൽകിയതിന്റെ ഫലമായി 106.42 ലക്ഷം രൂപ അഡ്മിനിസ്ട്രേഷൻ ചെലവ് ഇനത്തിൽ അധികരിച്ചിരുന്നു. ആയതുമായി താരതമ്യം ചെയ്തതിനാലാണ് അഡ്മിനിസ്ട്രേഷൻ ചെലവ് എന്ന ശീർഷകത്തിൽ 2016-17 ൽ 24% കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് .
- Training Expenses: പരിശീലനങ്ങളുടേയും പരിശീലനാർത്ഥികളുടേയും എണ്ണത്തിൽ വർദ്ധനവുായതിനോടനുബന്ധിച്ച് വിവിധയിനങ്ങളുടെ ചെലവ് വർദ്ധിച്ചിട്ടു. അതായത് ബെഡ് ഷീറ്റ്, തലയണ കവർ, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, വാഷിംഗ് ചാർജ്ജ് മുതലായ ഇനങ്ങളുടെ ചെലവ് വർദ്ധിച്ചിട്ടു്. ഈ ഇനത്തിൽ മൊത്തത്തിൽ 98% വർദ്ധനവുായിട്ടു്.
- Repairs & Maintenance: കിലയുടെ ഗസ്റ്റ് ഹൗസുകൾ കാലപ്പഴക്കത്താൽ അടിയന്തിരമായ അറ്റക്കുറ്റപ്പണികൾ നടത്തേി വന്നതിനാലാണ് ഈ ഇനത്തിലുള്ള ചെലവ് വർദ്ധിച്ചിരിക്കുന്നത്.
- Depreciation: Depreciation ചാർജ്ജുകൾ അക്കൗിൽ രേഖപ്പെടുത്തുന്നതിന് മുമ്പ് കിലയുടെ അധിക വരുമാനം 30.50 ലക്ഷം രൂപ ആണ്. എന്നാൽ Depreciation ചാർജ്ജുകൾ രേഖപ്പെടുത്തി കഴിഞ്ഞപ്പോൾ ചെലവ് 41.47 ലക്ഷം രൂപ ക് അധികരിച്ചിരിക്കുകയാണ്.

<u>തീരുമാനം:</u>

***2016-17** സാമ്പത്തിക വർഷത്തിലെ കിലയുടെ വാർഷിക കണക്കുകൾ അംഗീകരിച്ചു*

*കൂലി ചാർജ്ജിനത്തിൽ വരുന്ന ചെലവുകൾ അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ്സ് എന്ന ഹെഡ് ഓഫ് അക്കൗിൽ ഉൾപ്പെടുന്നത് ഉചിതമായിരിക്കും എന്ന് അഭിപ്രായപ്പെട്ടു*

### 3) അഹാഡ്സ്-സിസിപിആർഎം: ഓപ്പണിങ്ങ് ബാലൻസ് ഷീറ്റ്

അഹാഡ്സ് - CCPRM ലെ ആസ്തി ബാധ്യത റിപ്പോർട്ട് ബന്ധപ്പെട്ടവരിൽ നിന്നും നാളിതു വരെ ലഭ്യമായിട്ടില്ല. 29.08.2017 ലെ എക്സിക്യൂട്ടീവ് കൗൺസിൽ അഹാഡ്സ് - CCPRM ന്റെ ഓഡിറ്റഡ് അക്കൗസ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി. ആയത് പ്രകാരം താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കി.

1) ആസ്തികളുടെ കണക്കെടുപ്പ് കില നേരിട്ട് നടത്തി ആസ്തി വിവരപട്ടിക തയ്യാറാക്കി
2) ആസ്തി വിവരപട്ടികയുടെ മൂല്യനിർണ്ണയം നടത്തുന്നതിന് തൃശൂർ കോസ്റ്റ്ഫോർഡിനെ ചുമതലപ്പെടുത്തി
3) കോസ്റ്റ്ഫോർഡ് തയ്യാറാക്കി നൽകിയ മൂല്യനിർണ്ണയ കണക്കുകൾ കില ഓഡിറ്റർക്ക് കൈമാറി
4) അഹാഡ്സ് - CCPRM ന്റെ ലഭ്യമായ ബാങ്ക് അക്കൗ ബാലൻസുകളുടെ വിവരങ്ങൾ കില ഓഡിറ്റർക്ക് നൽകി

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കിലയുടെ ഓഡിറ്റർ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കി ഒപ്പുവെച്ച് ഓഡിറ്റ് റിപ്പോർട്ട് സഹിതം കിലക്ക് നൽകിയിട്ടു. ആയത് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-6)(പേജ് നം: 50-164 )**

<u>**തീരുമാനം:**</u>

***അഹാഡ്സ്-സിസിപിആർഎം ഓപ്പണിങ്ങ് ബാലൻസ് ഷീറ്റ് അംഗീകരിച്ചു***

<u>ഐറ്റം നമ്പർ : 5</u>

<u>**2017-18** സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്</u>

2017-18 സാമ്പത്തിക വർഷത്തിൽ കിലയുമായി സംയോജിപ്പിച്ച സ്ഥാപനങ്ങളുടേതുൾപ്പെടെ കിലയുടെ മൊത്തമായ ബഡ്ജറ്റ് ആണ് തയ്യാറാക്കിയിരിക്കുന്നത്. ഈ സാമ്പത്തികവർഷത്തിൽ കില പ്രതീക്ഷിക്കുന്ന പ്രധാന ധനസഹായങ്ങൾ ചുവടെചേർക്കുന്നു.

1) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള കില- ഗ്രാന്റ് - ഇൻ-എയ്ഡ് (പ്ലാൻ) - 3000 ലക്ഷം രൂപയും കില - ഗ്രാന്റ് -ഇൻ-എയ്ഡ് (നോൺ പ്ലാൻ) - 41.28 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
2) കേന്ദ്ര സർക്കാരിൽ നിന്നും ആർജിഎസ്എ പ്രോജക്ടിലേക്ക് 2650 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
3) കേന്ദ്രസർക്കാർ കില-സിഎച്ച്ആർഡി കൊട്ടാരക്കര സെന്ററിലേക്ക് അനുവദിക്കുന്ന വിഹിതം
   i) കോർ ഫാക്കൽറ്റികളുടെ (5 പേർ) ശമ്പള ഇനത്തിൽ 44.93 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
   ii) പരിശീലനങ്ങളുടേയും സ്ഥാപനത്തിലെ മറ്റുചെലവുകളുടേയും 50% വിഹിതമായി 299.65 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
   iii) സംസ്ഥാന സർക്കാർ കില-സിഎച്ച്ആർഡി കൊട്ടാരക്കരയിലെ മൊത്തം ചെലവിന്റെ (കോർ ഫാക്കൽറ്റികളുടെ ശമ്പളം കൂടാതെ) 50% വിഹിതമായി 299.65 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്

4) യൂണിസെഫ്/കെഎൽജിഎസ്ഡിപി/നഗരകാര്യ ഡയറക്ടറേറ്റ് എന്നീ ഏജൻസി/മറ്റ് വകുപ്പുകളിൽ നിന്നുമായി 256.8 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്

കേന്ദ്ര സർക്കാർ State Institute of Rural Development സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം ധനസഹായ തുക താഴെപ്പറയുന്ന രീതിയിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ്.

1) കോർ ഫാക്കൽറ്റികൾ 7 പേർക്കുള്ള ശമ്പളത്തിന് പൂർണ്ണ ധനസഹായം
2) പരിശീലന പരിപാടികളുടെ ഭക്ഷണം, താമസം, പരിശീലന സാമഗ്രികൾ, മുതലായവക്ക് 50% കേന്ദ്ര വിഹിതം 50% സംസ്ഥാന വിഹിതം
3) വൈദ്യുതി/വെള്ളം എന്നീ ചെലവിനങ്ങൾക്ക് ഒരു വർഷത്തേക്ക് പരമാവധി 1.50 ലക്ഷം രൂപ
4) യാത്രാബത്ത, Fuel, പരിശീലനത്തോടനുബന്ധിച്ചുള്ള സന്ദർശനങ്ങൾ, വാഹനങ്ങളുടെ മെയിന്റനൻസ് എന്നിവക്കായി പരമാവധി 3.50 ലക്ഷം രൂപ
5) പുസ്തകങ്ങൾ/ജേർണലുകൾ/ മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവക്ക് ഒരു വർഷത്തേക്ക് പരമാവധി 0.50 ലക്ഷം രൂപ
6) ഓഫീസ്/മറ്റ് അനുബന്ധ ചെലവുകൾക്കായി ഒരു വർഷത്തേക്ക് പരമാവധി 1.50 ലക്ഷം രൂപ
7) നോൺ ഫാക്കൽറ്റി/സപ്പോർട്ട് സ്റ്റാഫിന്റെ ശമ്പളം/ മറ്റ് അനുബന്ധ ചെലവുകൾ എന്നിവക്കായി ഒരു വർഷത്തേക്ക് പരമാവധി 18 ലക്ഷം രൂപ (ഒരു മാസത്തേക്ക് പരമാവധി 1.50 ലക്ഷം രൂപ)

ആയതുപ്രകാരം കൊട്ടാരക്കര സെന്ററിനുള്ള കേന്ദ്ര ധനസഹായം 2017-18 സാമ്പത്തിക വർഷത്തിൽ പരിശീലനേതര ചെലവുകൾക്കും സ്ഥാപനത്തിലെ മറ്റ് ചെലവുകൾക്കുമായി 25 ലക്ഷം രൂപ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ ആവശ്യമായ ധനസഹായം സംസ്ഥാന സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾക്കായി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017ആഗസ്ത് 29 -ാം തീയ്യതി ചേർന്ന എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗീകാരത്തോടും ശുപാർശയോടെയും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-7)(പേജ് നം:165-186 )**

ബഡ്ജറ്റിന്റെ രത്നചുരുക്കം

| Sl N O | Particulars | Budget Estimate (Rupees in Lakhs) |
|---|---|---|
| | | 2017-18 |
| 1 | Opening Balance | 6647.70 |
| 2 | Revenue Income | 1565.64 |
| 3 | Project Income & Central Assistance | 3411.76 |
| 4 | Non Capital Income | 2070.00 |
| 5 | Capital Income | 1278.00 |
| 6 | Other Fund Payables | 92.76 |
| | GRAND TOTAL | 15065.86 |
| 7 | Revenue Expenses | 1817.64 |
| 8 | Project Expenses/ Central Assistance Expenses | 4450.62 |
| 9 | State Plan-Non Capital Expenses | 2989.10 |
| 10 | Capital Expenses - Development of Infrastructure | 3887.33 |
| | Closing Balance | 1921.17 |
| | GRAND TOTAL | 15065.86 |

തീരുമാനം:

*ബഡ്ജറ്റ് പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.*

- *കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം എസ്ഐആർഡി/ഇടിസി സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം പരിമിതപ്പെടുത്തിയിട്ടു്. എന്നാൽ **SIRD** യുടെ കാര്യത്തിൽ നോൺഫാക്കൽറ്റി/സപ്പോർട്ട് സ്റ്റാഫിന്റെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ കേരളത്തെ സംബന്ധിച്ചിടത്തോളം സംയുക്ത കില യായതിനാൽ കിലയുടെ മറ്റ് ധനാഗമന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഈ വിടവ് നികത്താവുന്നതാണ്. **30.03.2016** ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റി ഐറ്റം നം **3.37** പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഒരു ലക്ഷം രൂപ വീതം വിഹിതമായി ലഭ്യമാക്കുവാൻ തീരുമാനിച്ചിരുന്നു. തുടർനടപടികൾ എടുക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *കിലയിലെ സെന്റർ ഫോർ അർബൻ ഗവേൺൻസ് ശക്തിപ്പെടുത്തുവാൻ ഒരു അർബൻ ചെയർ രൂപീകരിക്കുവാനും നഗരഭരണത്തിനനുസൃതമായ വൈദ ഗ്ധ്യവും വിദഗ്ധരായവരുടെ സേവനവും ലഭ്യമാക്കുവാനും തീരുമാനിച്ചു. ഇതിന് വേ തുക മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വിഹിതമായി കിലക്ക് ലഭ്യമാക്കുന്ന തിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *അർബൻ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പരിശീലന പരിപാടിക്ക് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി നടപ്പിലാക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *2017-18 സാമ്പത്തിക വർഷത്തിൽ കിലക്ക് വകയിരുത്തിയിട്ടുള്ള 30 കോടി രൂപ പൂർണ്ണമായും ഈ സാമ്പത്തിക വർഷം തന്നെ കിലക്ക് ലഭിക്കുന്നതിന് വേി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് പ്രത്യേക ശുപാർശ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *കിലയിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പും അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതിയും വിലയിരുത്താനായി **6** മാസത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ സാന്നിധ്യത്തിൽ യോഗം കൂടുന്നതിന് കില ഡയറക്ടറെ ചുമതലപ്പെടുത്തി. കിലയുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയിറിംഗ് വിഭാഗത്തിന്റെ സഹായം പരമാവധി ഉറപ്പ് വരുത്തണമെന്നും അഭിപ്രായപ്പെട്ടു.*

<u>ഐറ്റം നമ്പർ : **6**</u>
<u>കില മെമ്മൊറാം ഓഫ് അസോസിയേഷന്റെ ഭേദഗതി</u>

സ.ഉ (കൈ) നം. 103/2017/തസ്വഭവ തീയതി 24.05.2017 പ്രകാരം കിലയുമായി സംയോജിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളായ SIRD, AHADS- CCPRM, മൂന്ന് എക്സ്റ്റൻഷൻ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊ് കിലയുടെ മെമ്മൊറാം ഓഫ് അസോസിയേഷന്റെ ഭേദഗതി ചെയ്യേതു്. ആയതിനാവശ്യമായ ഭേദഗതി വരുത്തിയ മെമ്മൊറാം ഓഫ് അസോസിയേഷൻ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-8)(പേജ് നം: 187-207).** കിലയിലെ നിലവിലുള്ള മെമ്മൊറാം ഓഫ് അസോസിയേഷന്റെ പകർപ്പ് **(അനുബന്ധം-9)(പേജ് നം: 208- 231)** അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു.

<u>തീരുമാനം:</u>

*കില മെമ്മൊറാം ഓഫ് അസോസിയേഷന്റെ ഭേദഗതി അംഗീകരിച്ചു*

<u>ഐറ്റം നമ്പർ : 7</u>
<u>കിലയുടെ പുതിയ സ്റ്റാഫ് പാറ്റേൺ</u>

കിലയിൽ ലയിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലയനത്തിന് ശേഷം കിലയുടെ മൊത്തം ജീവനക്കാരെ ഉൾപ്പെടുത്തിക്കൊള്ള സ്റ്റാഫ് പാറ്റേൺ തയ്യാറാക്കുന്നതിന് സർക്കാരിന്റെ നിർദ്ദേശപ്രകാരം Centre for Management Development (CMD) യെ ചുമതലപ്പെടുത്തിയിരുന്നു. CMD തയ്യാറാക്കി നൽകിയ കരട് റിപ്പോർട്ടും കില ജീവനക്കാരുടെ നിർദ്ദേശങ്ങളും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-10)(പേജ് നം: 232 - 328 )**

<u>തീരുമാനം:</u>

1. *കില ജീവനക്കാരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുക്കൊം നിലവിലുള്ള ജീവനക്കാരെ നിലനിർത്തിക്കൊം Centre for Management Development (CMD) യുടെ കരട് റിപ്പോർട്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ CMD ക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു*

2. *അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപെടുന്ന* Centre for Management Development (CMD) *യുടെ അന്തിമ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരം സഹിതം ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.*

<u>ഐറ്റം നമ്പർ : 8</u>

<u>**ആശ്രിത നിയമനം- സ്കീം നയപരമായി അംഗീകാരം നല്കുന്നത് സംബന്ധിച്ച്**</u>

കിലയുടെ നിലവിലെ സർവ്വീസ് ബൈലോയിൽ ആശ്രിത നിയമനം സംബന്ധിച്ച് പ്രത്യേക പരാമർശം ഇല്ലാതിരുന്ന സാഹചര്യത്തിൽ "Scheme of Compassionate Employment" നടപ്പാക്കുന്നതിനെടുത്ത നടപടിക്രമങ്ങൾ താഴെക്കൊടുക്കുന്നു.
12.12.2013, 11.03.2014 തീയതികളിലെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ തീരുമാനപ്രകാരം സർക്കാരിൽ നിലവിലുള്ള റൂൾ പ്രകാരം, ഈ സ്കീം (അനുബന്ധം-**11**(പേജ് നം: **329-343**) നടപ്പാക്കാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി. ആയതുപ്രകാരം ഈ സ്കീം കിലയിൽ നിലവിലെ സർക്കാർ റൂൾ പ്രകാരം നടപ്പാക്കി കില ഡയറക്ടർ ഉത്തരവിറക്കി. (അനുബന്ധം-**12**(പേജ് നം: **344-345** )

i. 15.06.2013 ൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ പാർട്ട്ടൈംസ്വീപ്പറുടെ മകൾ ശ്രീമതി നിനി. പി.പി. "Compassionate Employment Scheme"ൽ ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചു. "Class III & IV" ജീവനക്കാരുടെ നിയമന അധികാരിയായ കില ഡയറക്ടർ, ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടെ ആയിരിക്കണം നിയമനം നൽകേത് എന്ന് സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചു. (അനുബന്ധം-**13**) (പേജ് നം: **346** ) പ്രസ്തുത അറിയിപ്പ് കില എക്സിക്യൂട്ടീവ് കൗൺസിലിന് സമർപ്പിക്കുകയും കൗൺസിലിന്റെ അംഗീകാരപ്രകാരം ശ്രീമതി നിനിക്ക് 'ഖലാസി' (Class IV) തസ്തികയിൽ 27.04.2015 മുതൽ നിയമനം നൽകി.

ii. 16.11.2008 ൽ ഖലാസി (Class IV) തസ്തികയിൽ സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ. ശിവപ്രസാദ് ടി.,, ഖലാസി തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷയും എല്ലാ അനുബന്ധ രേഖകളും സമർപ്പിക്കുകയും എന്നാൽ 9.6.2017 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കൗൺസിൽ കിലയിൽ ആശ്രിത നിയമനം നടപ്പിലാക്കുന്നതു സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കുവാൻ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാനും, ശ്രീമതി നിനി.പി.പി. ക്ക് ഖലാസി (Class IV) തസ്തികയിൽ നൽകിയ ആശ്രിത നിയമനം അംഗീകരിക്കുന്നതിനും, ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ. ശിവപ്രസാദ്. ടി. യുടെ അപേക്ഷ അംഗീകാരത്തിനായി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാനും നിർദ്ദേശിച്ചു. ആയതിനാൽ:

(1) കിലയിൽമസർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന സ്കീമിന് നയപരമായ അംഗീകാരം നൽകുന്നതിനായി സമർപ്പിക്കുന്നു.

(2) ശ്രീമതി നിനി.പി.പി. (D/o. Late Mary Paulson,പാർട്ട്ടൈം സ്വീപ്പർ) ക്ക് ഖലാസി (Class IV) തസ്തികയിൽ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം ആശ്രിത നിയമനം നൽകിയ നടപടി അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(3) 16.11.2008 ൽ കിലസർവ്വീസിലിരിക്കെ മരണമടഞ്ഞ ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ.ശിവപ്രസാദ്.ടി.,സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ (അനുബന്ധം-**14**)(പേജ് നം:**347-361** ) യിൽ; കിലയിൽ ഒഴിവുള്ള ഖലാസി (Class IV) തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു.

തീരുമാനം:

1) *കിലയിൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന സ്കീമിന് നയപരമായ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.*
2) *ശ്രീമതി നിനി.പി.പി. (D/o. Late Mary Paulson,പാർട്ട്ടൈം സ്വീപ്പർ) ക്ക് ഖലാസി (Class IV) തസ്തികയിൽ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം ആശ്രിത നിയമനം നൽകിയ നടപടി അംഗീകരിച്ചു.*
3) *16.11.2008 ൽ കില സർവ്വീസിലിരിക്കെ മരണമടഞ്ഞ ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ.ശിവപ്രസാദ്.ടി.,സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ അംഗീകരിച്ച് കിലയിൽ ഒഴിവുള്ള ഖലാസി (Class IV) തസ്തികയിൽ നിയമനം നൽകുന്നതിന് വേ നടപടികൾ എടുക്കുന്നതിന് കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

ഐറ്റം നമ്പർ : 9

**2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് (2017 ഡിസംബർ മാസം വരെ)**

പരിശീലന പരിപാടിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കൊ് നടപ്പിലാക്കുന്ന കർമ്മപരിപാടികളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

- പരിശീലനത്തിന്റെ പരിണിത ഫലം ലക്ഷ്യമിട്ടുള്ളതും ഒറ്റത്തവണയായി അറിവ് പകരുന്നതിന് പകരം ഘട്ടംഘട്ടമായി കാര്യശേഷി വികസിപ്പിക്കുന്നതിലും കൂടുതൽ പേരെ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നതുമായ തീവ്ര പരിശീലന പരിപാടിക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.
- നഗരഭരണം, ആസൂത്രണം എന്നിവക്ക് കൂടുതൽ ശ്രദ്ധ നൽകി പരിശീലനം നടത്തി വരുന്നു. തദ്ദേശഭരണം, വികേന്ദ്രീകരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ട്മെന്റുകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ, മിഷനുകൾ എന്നിവയുമായി ദീർഘകാലാടിസ്ഥാനത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്ന സംവിധാനം ആസൂത്രണം ചെയ്ത് വരുന്നു.
- മാനവ വിഭവ പരിപാലനം, നീർത്തട പരിപാലനം, ആദിവാസി വികസനം, പ്രകൃതി വിഭവ പരിപാലനം, ജൈവ കൃഷി, മാലിന്യ നിർമ്മാർജ്ജനം തുടങ്ങി വിവിധ വിഷയങ്ങളിൽ കൂടുതൽ ഊന്നൽ നൽകിയിട്ട്.
- കില സംഘടിപ്പിക്കുന്ന വിവിധ ഗവേഷണ പരിപാടികൾ മുഖേന കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ളവയുടെ ഉള്ളടക്കം, രീതിശാസ്ത്രം, സമീപനം എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്
- തദ്ദേശഭരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയ മേഖലകൾക്കായി കേന്ദ്രങ്ങൾ ( Knowledge Hubs) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ദേശീയ/അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ചുക്കൊ് വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

    i. സെന്റർ ഫോർ എസ്.ഡി.ജി.(SDGs) ആന്റ് ലോക്കൽ ഗവേണൻസ് - നാഷണൽ ഫൗഷേൻ ഓഫ് ഇന്ത്യ (NFI) എന്ന സ്ഥാപനവുമായി കരാർ

ഒപ്പുവെക്കുകയും 2017 ഒക്ടോബർ മാസം മുതൽ കേന്ദ്രം ആരംഭിക്കുകയും ചെയ്തു. കേരള സംസ്ഥാന ആസൂത്രണ ബോർഡ്, CPMU ചേർന്ന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു്.

ii. **പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, ജൈ വൈവിധ്യം** - ഈ കേന്ദ്രത്തിൽ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റേയും ജൈവവൈവിധ്യ ബോർഡിന്റേയും സഹകരണത്തോടെ തുടർച്ചയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

iii. **ഇന്നവേഷൻ ആന്റ് ഇൻക്യുബേഷൻ ഹബ്ബ് ഫോർ ലോക്കൽ ഗവൺമെന്റ്സ്** - ഈ ഹബ്ബിന്റെ പ്രവർത്തനത്തിനായി ഹൈദരാബാദിലുള്ള നാഷണൽ സെന്റർ ഫോർ ഇന്നവേഷൻസ് ഇൻ പബ്ലിക് പോളിസി എന്ന സ്ഥാപനവുമായി കില കരാറിലേർപ്പെട്ടു. മുഖ്യലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു.

- പുതിയ ആശയങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം പകർന്ന് നൽകുകയും തദ്ദേശസ്ഥാപനങ്ങളിൽ അന്വേഷണാത്മക വീക്ഷണം വളർത്തിയെടുക്കുകയും ചെയ്യുക
- ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിനും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നതിനും അവരുടെ പുതിയ ആശങ്ങളേയും കത്തെലുകളേയും പ്രോത്സാഹിപ്പിക്കുക.
- വിവിധ പ്രവർത്തനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും തദ്ദേശ സ്ഥാപനങ്ങളുടെ സർഗ്ഗ ശക്തിയെയും പ്രശ്നപരിഹാര നടപടികളെയും പ്രോത്സാഹിപ്പിക്കുക
- സാങ്കേതിക പരിജ്ഞാനം പകർന്ന് നൽകാനുതകുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവക്കും തദ്ദേശസ്ഥാപനങ്ങൾക്കുമിടയിൽ മദ്ധ്യസ്ഥ പ്രവർത്തനങ്ങൾ നടത്തുകയും അത് വഴി പുതിയ കത്തെലുകൾക്കായി സാങ്കേതിക പരിജ്ഞാനം എത്തിക്കുകയും ചെയ്യുക

iv. **ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്** - ഈ കേന്ദ്രം, നയരൂപീകരണം, പദ്ധതി നിർവ്വഹണം, മൂല്യനിർണ്ണയം തുടങ്ങി വിവിധ ഘട്ടങ്ങളിൽ ലിംഗ പദവി വീക്ഷണം ഉൾപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുകയും അതുവഴി ലിംഗ നീതി ഉറപ്പാക്കുകയും ചെയ്യുന്നതായിരിക്കും. മുഖ്യപ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

- ലിംഗ നീതി ഉറപ്പാക്കുക, നയരൂപീകരണ നിർദ്ദേശങ്ങൾ തയ്യാറാക്കുക ആയത് നടപ്പിലാക്കുന്നതിന കാര്യശേഷി വികസിപ്പിക്കുക
- WCP, വിവിധ പ്രവർത്തനങ്ങൾ എന്നിവയുടെ പഠനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ജെന്റർ റിസോഴ്സ് സെന്ററുകളേയും (GRCs) സഹായിക്കുക.
- സാമൂഹ്യമാറ്റത്തിന് നിദാനമായ പ്രവർത്തനങ്ങളെ കൃത്യമായി രേഖപ്പെടുത്തുന്നതിനും ഇത് മറ്റുള്ളവർക്ക് പഠിക്കാനായി അവസരമാക്കുകയും ചെയ്യുക
- കിലയുടെ എല്ലാ പരിശീലന കാര്യശേഷി വികസന പരിപാടികളിലും ലിംഗനീതി ഉറപ്പാക്കുന്നതിനായി പരിശീലന സഹായികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക

- ലിംഗ പദവിയിലും സമാനമായ മറ്റ് വിഷയങ്ങളിലും കാര്യശേഷി വികസന പരിപാടികൾ നടപ്പിലാക്കുക

- സമാന സ്വഭാവമുള്ള പ്രവർത്തനങ്ങൾ നടത്തുന്ന സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മറ്റ് സ്ഥാപനങ്ങളുമായി ആശയ വിനിമയം നടത്തുക, അറിവ് പങ്ക് വെക്കുക, സഹകരണം വളർത്തിയെടുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ

V. **ലീഗൽ റിസോഴ്സ് സെന്റർ ഫോർ ലോക്കൽ ഗവേണൻസ്** – ഭരണ ഘടനയുടെ 73,74 ഭേദഗതികൾക്ക് ശേഷം തദ്ദേശസ്ഥാപനങ്ങൾ ഏകദേശം കാൽനൂറ്റാ് പിന്നിട്ട് കഴിഞ്ഞു. എന്നാൽ ഇന്നും ഭരണകാര്യ നിർവ്വഹണവും നിയമവ്യവഹാരനടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമ വ്യവസ്ഥാപനവും പരിശീലനവും മതിയായ രീതിയലല്ല നടപ്പിലാക്കുന്നത്. ഇത് വഴിയായി അനാവശ്യ നിയമതർക്കങ്ങൾ, ധനനഷ്ടം, കാലതാമസം, മറ്റ് അനാവശ്യ സങ്കീർണ്ണതകൾ എന്നിവയും ഉാകുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ പരിശീലനം, സഹായ സഹകരണങ്ങൾ ഉറപ്പാക്കൽ എന്നിവയാണ് ഈ കേന്ദ്രം വഴിയായി ലക്ഷ്യമിടുന്നത്. ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- ഭരണപരവും നിയമവ്യവഹാരവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രസിഡുമാർക്കും സെക്രട്ടറിമാർക്കും പരിശീലനം നൽകുക

- പ്രസ്തുത വിഷയങ്ങളുടെ സംഗ്രഹിത മാർഗ്ഗരേഖ തയ്യാറാക്കി ലഭ്യമാക്കുക

- പരിശീലന കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക

- തദ്ദേശസ്ഥാപനങ്ങളുടെ സംശയ നിവാരണം

- ബന്ധപ്പെട്ട പഠനങ്ങൾ

Vi. **മറ്റ് വിഷയ കേന്ദ്രങ്ങൾ** : മുൻപ് തന്നെ രൂപീകരിച്ചിട്ടുള്ള വിവിധ കേന്ദ്രങ്ങളെ പുനർജ്ജീവിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമുള്ള നടപടികൾ ആരംഭിച്ചു. ഇതിൻപ്രകാരം ഓരോ കേന്ദ്രത്തിന്റെയും കൺസെപ്റ്റ് നോട്ട്, ആക്ഷൻ പ്ലാൻ, 2018-19 സാമ്പത്തിക വർഷത്തേക്കുള്ള പരിപാടികൾ എന്നിവ ആസൂത്രണം ചെയ്തുവരുന്നു. വിവിധ കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

1) KILA Tribal Development & Natural Resource Management Centre (KILA TD&NRM Centre), Agali, Palakkad
2) KILA Human Resource Development Centre (KILA HRD Centre), Kottarakkara, Kollam
3) KILA- Centre for Organic and Waste Management, Thaliparamba, Kannur
4) KILA- Centre for Socio-Economic Development, Kottarakkara, Kollam
5) KILA-Centre for Good Governance, Mannuthy, Thrissur
6) SC/ST Resource Centre, KILA, Thrissur
7) Child Resource Centre, KILA, Thrissur

8) Centre for Urban Governance, KILA, Thrissur

9) South Asian School of Local Governance, KILA, Thrissur

**വെർച്ചൽ ലേണിംഗ് സിസ്റ്റം** – വിവിധ വിഷയങ്ങളിലെ പരിശീലനത്തിനായി കിലയിൽ വെർച്ചൽ ക്ലാസ് റൂം സംവിധാനം പ്രയോജനപ്പെടുത്തി വരുന്നു

**ഇൻഡക്ഷൻ ആന്റ് ഇൻസർവ്വീസ് പരിശീലനം**- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് വിവിധ ഘട്ടങ്ങളിലായി പരിശീലനാർത്ഥികളുടെ സ്വഭാവമനുസരിച്ച് ഇൻഡക്ഷൻ, ഇൻസർവ്വീസ് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് വരുന്നു. ഇതോടുകൂടി തന്നെ ഈ ഉദ്യോഗസ്ഥർക്കായി വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും ആസൂത്രണം ചെയ്യുന്നു.

നവകേരള മിഷന് കീഴിലുള്ള വിവിധ മിഷനുകളായ ലൈഫ്, ആർദ്രം, സമഗ്ര വിദ്യാഭ്യാസ പരിപാടി, ഹരിത കേരളം എന്നിവയുടെ മെച്ചപ്പെട്ട നടത്തിപ്പിനായി കാര്യശേഷി വികസന പരിപാടികൾ കില ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ വിവിധ സ്ഥാപനങ്ങളുടെ നവീകരണ ആശയങ്ങൾ, ഡോക്യുമെന്റ് ചെയ്യുകയും പ്രചരിപ്പിക്കുകയും വഴി മിഷന്റെ ഫലവത്തായ പ്രവർത്തനം ഉറപ്പാക്കുകയും ചെയ്യുന്നു.

കിലയുടെ റീജണൽ സെന്റർ, തിരുവനന്തപുരം ജില്ലയിലെ കുമാരപുരത്ത് 2017 സെപ്തംബർ മുതൽ ആരംഭിച്ചു. കെട്ടിടത്തിന് 30,000/- രൂപയാണ് മാസവാടകയായി കൊടുത്ത് കൊിരിക്കുന്നത്. സർക്കാരിന്റെ വിവിധ മിഷനുകളുടെ പരിപാടികളുടെ ആസൂത്രണം, നടത്തിപ്പ് മുതലായ കാര്യപരിപാടികൾ ഈ സെന്ററിന്റെ നേതൃത്വത്തിൽ നടന്ന് വരുന്നു.

വിവിധ ഇന്റർനാഷണൽ പരിശീലന കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊ് 'Capacity Development for Local Governments' ഇന്റർനാഷണൽ കോൺഫറൻസ് മാർച്ചിൽ ആസൂത്രണം ചെയ്തിട്ടു്.

തദ്ദേശ സ്ഥാപനങ്ങളിൽ കുട്ടികളുടെ അവകാശം ഉറപ്പുവരുത്തുക, ശിശുസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുക എന്നിവ ലക്ഷ്യമിട്ടുക്കൊ് വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

2018-19 സാമ്പത്തിക വർഷത്തേക്കുള്ള കിലയുടെ എല്ലാ കേന്ദ്രങ്ങളേയും ഏകോപിപ്പിച്ചുക്കൊുള്ള സമഗ്ര പരിശീലന കലർ തയ്യാറാക്കി വരുന്നു.

വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനു വേി സമർപ്പിക്കുന്നു. (അനുബന്ധം-**15**)(പേജ് നം: **362-368** )

**തീരുമാനം:**

1) ***വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് അംഗീകരിച്ചു***
2) ***തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചതിന് ശേഷം ജോലിയിൽ പ്രവേശിക്കുവാനും പരിശീലനാന്ത്യത്തിൽ പരീക്ഷ നടത്തി ഗ്രേഡിംഗ് നടത്തുക, ഇത് പ്രമോഷന്റെ മാനദണ്ഡമാക്കുക തുടങ്ങിയ രീതികൾ അവലംബിച്ചുക്കൊുള്ള പരിശീലന പരിപാടികൾ തയ്യാറാക്കുവാനും നിർദ്ദേശിച്ചു.***

**ഐറ്റം നമ്പർ : 10**

**5 വർഷത്തെ വിശദമായ കർമ്മപരിപാടി (2017-18 മുതൽ 2021-22 വരെ)**

കിലയുടെ അഞ്ച് വർഷക്കാലയളവിലേക്കുള്ള വിശദമായ കർമ്മപരിപാടി തയ്യാറാക്കിയിട്ടു്. ആയത് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനു വേി സമർപ്പിക്കുന്നു. (അനുബന്ധം-**16**)(പേജ് നം: **369-379** )

<u>തീരുമാനം:</u>

***5 വർഷത്തെ വിശദമായ കർമ്മപരിപാടി റിപ്പോർട്ട് (2017-18 മുതൽ 2021-22 വരെ) അംഗീകരിച്ചു.***

<u>അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ</u>

<u>ഐറ്റം നമ്പർ : 1</u>

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫ് കമ്മീഷണർ, കോഴിക്കോട് 08/12/2017 തീയതിയിലെ കത്ത് നമ്പർ KR/KKD/17592/Enf-Rec/4(5)/8F/2017/5889 പ്രകാരം രൂപ 44,56,635/- അഹാഡ്സ് -സിസിപിആർഎം ജീവനക്കാരുടെ ഇ.പി.എഫ് - Damage/Penality തുക ഇനത്തിൽ അടക്കുവാനുള്ള അറിയിപ്പ്

<u>തീരുമാനം:</u>

*അഹാഡ്സ് -സിസിപിആർഎം ജീവനക്കാരുടെ ഇ.പി.എഫ് തുക **Damage/Penality** തുക ഇനത്തിൽ അടക്കേതാണ്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ശേഖരിച്ച് ആവശ്യമായ പരിശോധനകൾ പൂർത്തീകരിച്ച് വേ നടപടികൾ എടുക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

<u>*പൊതു നിർദ്ദേശങ്ങൾ*</u>

*ഇനി മുതൽ പുതിയ ഗവേർണിംഗ് കൗൺസിലിന്റെ സാഹചര്യത്തിൽ അജ കുറിപ്പുകൾ, പ്രവർത്തന റിപ്പോർട്ട്, കണക്ക് തുടങ്ങിയവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കാൻ നിർദ്ദേശിച്ചു.*

യോഗം വൈകിട്ട് 5 മണിക്ക് അവസാനിച്ചു.

പ്രസിഡന്റ്
ഗവേർണിംഗ് കൗൺസിൽ

ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്
ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി